


# പക്ഷിക്കൂട്ടം

## സാഹിത്യമാസിക

നെടുവേലി ഗവ.ഹയർ സെക്കന്ററി സ്കൂൾ

our blog -http://pakshikkoottam.blogspot.com



# തോൽവികൾ തോൽക്കുന്നില്ല

കൂട്ടുകാരെ, മത്സരങ്ങൾ നമുക്കെല്ലാം പരിചയമുള്ളതാണ്. പക്ഷേ ഇന്നൊക്കെ നമ്മുടെ ജീവിതമേ ഒരു മത്സരം ആകുന്നു. കാരണം ജനിക്കുന്ന പിഞ്ചു പൈതങ്ങളെ വരെ മറ്റു കുട്ടികളിൽ നിന്നും വേറിട്ടതാക്കാൻ മാതാപിതാക്കളും, അയൽക്കാരെക്കാൾ തനിക്കെല്ലാം കൂടുതൽ വേണമെന്ന് ഒരു ഭാഗം മനുഷ്യരും, സ്വന്തം കൂട്ടുകാരനെ എങ്ങനെ ചതിച്ച് തനിക്ക് ജയിക്കാം എന്ന് മറ്റുചില സുഹൃത്തുക്കളും ചിന്തിക്കുന്നു. ഈ ചിന്ത ജീവിതത്തെ ഒരു ട്രാക്കിൽ എത്തിക്കുന്നു. കുമ്മായ വരകളാൽ ഗതി നിർണയിച്ചിട്ടുള്ള ആ ട്രാക്കിൽ വേണം നാം വേഗത്തിലോടി മുന്നേറാൻ. മത്സരിക്കുന്നത് നല്ലതാണ്. ജയിക്കുന്നതും നല്ലതാണ്. പക്ഷേ മത്സരങ്ങളിൽ ഏർപ്പെടുമ്പോൾ ചിലത് നാം ജീവിതത്തിൽ മറന്നുപോകുന്നു. ചില പുഞ്ചിരികൾ ,കുളിർത്ത തലോടലുകൾ, ഉപ്പു കലർന്ന കണ്ണീർത്തുള്ളികൾ, അത് തുടയ്ക്കുന്ന തൂവലുകൾ. ഇവ ജീവിതത്തിൽ നുണഞ്ഞിരിക്കേണ്ടതുണ്ട്. മത്സരത്തിൽ ആണ്ടു പോയ ജീവിതങ്ങളിൽ മരവിപ്പ് ചുവയ്ക്കും. തോൽക്കുക,എല്ലാ എപ്പോഴും ജയം നമുക്ക് ലഭിക്കില്ല. തോൽക്കുക, കാരണം തോറ്റാൽ നമുക്ക് എന്താണ് നാം ചെയ്ത തെറ്റന്നു മനസ്സിലാകുക മാത്രമല്ല മത്സരത്തിൽ നിന്നും നഗ്നമായ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് നമുക്ക് തലതിരിക്കാനാകും. തോൽവി ഒരു പാഠം മാത്രമല്ല വിജയത്തോടെ മധുരം ഉള്ളതാണ്. ജയിക്കുന്നവൻ കാണുന്നത് പുതിയ പ്രകാശമാണ്. തോൽക്കുന്നവൻ തന്റെ ജീവിതവും ചുറ്റുപാടുകളും .തോൽവികൾ കരയാനുള്ളതല്ല കാരണം തോൽവികൾ തോൽക്കുന്നില്ല.ഈ ശുഭ ചിന്തയോടെ ഞങ്ങൾ ഈ ലക്കം പക്ഷിക്കൂട്ടം മാസിക നിങ്ങൾക്ക് കൈമാറുന്നു.

നിരഞ്ജന പി.എസ്
എഡിറ്റർ

# അനുഭവക്കുറിപ്പ്

ജീവിതം അതിൽ ദുഃഖവും സന്തോഷവും
നിറഞ്ഞിരിക്കുന്നു.ജീവതത്തിൽ പല വഴിത്തിരിവുകളും ഉണ്ടാകുന്നു.
അങ്ങനെയൊന്ന് എൻറെ ജീവിതത്തിലും ഉണ്ടായി. എൻറെ
ജീവിതം മാറ്റിമറിച്ച ഒരു സംഭവം. വൈകുന്നേരം 6
മണിയോടുകൂടി ഒരു ഫോൺകോൾ. അച്ഛന്
സുഖമില്ലാതെ ഗൾഫിലെ ആശുപത്രിയിലാണ്. കുറച്ചു
ദിവസങ്ങൾ അങ്ങനെ പോയി. അച്ഛൻ ഗൾഫിൽ
നിന്ന് വരുന്നു. എന്റെ പിറന്നാൾ ദിവസവും
അടുത്തുവരുന്നുണ്ട്. അപ്പോൾ തന്നെ എനിക്ക് നല്ല
സന്തോഷം തോന്നിത്തുടങ്ങി. അച്ഛൻ വന്നു പക്ഷേ
പിറ്റേദിവസം തന്നെ വീണ്ടും ആശുപത്രിയിലായി.
പലരും പറഞ്ഞു അത്ര കുഴപ്പമൊന്നുമില്ല വീട്ടിൽ ഉടനെ
തന്നെ വരും എന്നൊക്കെ. കുറച്ചു ദിവസങ്ങൾക്കു ശേഷം അച്ഛൻ വന്നു.
അന്ന് രാത്രിയോടുകൂടി അച്ഛന് വീണ്ടും വയ്യാതായി. ശനിയാഴ്ച
രാത്രിയായിരുന്നു സംഭവം. ഞായറാഴ്ച എനിക്ക് ഒരു നൃത്ത പരിപാടിയും
ഉണ്ടായിരുന്നു. ആശുപത്രിയിൽ കൊണ്ടുപോയി. ഒന്നുമറിയാതെ
ഞാൻ വീട്ടിൽ. സകലമാന ദൈവങ്ങളും എന്നെ കൈവിട്ടു,അച്ഛൻ
പോയി. ഞാൻ സങ്കടത്തിൻ്റെ കടലിൽ ആണ്ടുപോയി. എന്തിനാണ്
ദൈവം എന്നോട് ഇങ്ങനെ ചെയ്തത്. ഒരു നിമിഷം പോലും
മിണ്ടാതിരിക്കാത്ത എന്നെ ഒരിക്കലും മിണ്ടാൻ കഴിയാത്ത
അവസ്ഥയിലാക്കി. അവസാനമായി ഞാൻ അച്ഛൻറെ കയ്യിൽ തൊട്ടു.
തണുത്തിരുന്നു. ഇനി എന്ന് വീണ്ടും അച്ഛനോടൊപ്പം ഉള്ള ആ
നിമിഷങ്ങൾ. അറിയില്ല .ഇപ്പോഴും പല കുട്ടികളും തൻ്റെ
അച്ഛനോടൊപ്പം വരുമ്പോൾ ഞാനും ആലോചിക്കാറുണ്ട് അങ്ങനെ
എനിക്കും ഉണ്ടായിരുന്ന ഒരു കാലം. വീണ്ടും അടുത്ത ജന്മത്തിലെങ്കിലും
അച്ഛൻറെ മകളായിട്ട് ഇനിയും ജനിക്കണം എന്ന് ആഗ്രഹിക്കുന്നു.



ഗൗരിനന്ദന ജി .എസ്

ചിന്താവിഷയം

# വികസനം

സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ ഒരു രാജ്യത്തിന് ഉണ്ടാകേണ്ട വളർച്ച ഇതാണ് വികസനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സുസ്ഥിരമായ വികസനം എന്നത് സാധ്യമാക്കാൻ വിദ്യാഭ്യാസം മേഖലകളിലും ആരോഗ്യ രംഗങ്ങളിലും വളർച്ച കൈവരിക്കേണ്ടതുണ്ട്. വിദ്യാഭ്യാസം ആരോഗ്യം എന്നീ മേഖലകളിൽ കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ്. പക്ഷേ മറ്റു മേഖലകളിൽ ഇത്തരത്തിലുള്ള വികസനം കൈവരിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ സംശയിക്കേണ്ടിയിരിക്കുന്നു. സമസ്ത മേഖലകളിലുള്ള ഒരു വികസനം കേരളത്തിലുണ്ടോ? ഭക്ഷ്യമേഖലകളിൽ ഉള്ള വികസനത്തിൽ നാം വളരെ പിറകിലോട്ട് ആണ്. ഇന്ന് നാം ഏതിനും മറ്റു സംസ്ഥാനങ്ങളെയാണ് ആശ്രയിക്കുന്നത്. ഇത് നമ്മുടെ സാമ്പത്തിക ഭദ്രതയെ തകർക്കുന്നു. നമ്മുടെ പണം മറ്റു സംസ്ഥാനങ്ങൾക്ക് ലഭിക്കുകയും അവർ അത് പല വികസനം വികസനത്തിനായി ഉപയോഗിക്കുകയും ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനത്തിന്റെ മുക്കാൽ ഭാഗവും മറ്റ് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്നു. മറ്റു മേഖലകളിൽ വികസനം കണ്ടെത്താൻ നമുക്ക് പ്രയാസകരമായി തീരുന്നു. കേരളം ഇന്ന് വികസനത്തിന്റെ പാതയിൽ തന്നെയാണ് എന്നും, ഇന്നും സമസ്ത മേഖലകളിൽ വികസനം പൂർണമായും കൈവരിച്ചിട്ടില്ല എന്നും ഈ വസ്തുതകൾ വഴി വ്യക്തമാകുന്നു.

ദേവനന്ദന വി

9ബി

കവിത

# ഭാവി

ഉലകമേ നിനക്ക് നാശം.
ഇനിയും ഈ മർത്യരെ നെഞ്ചിലേറ്റിയാൽ.
 പുതുതലമുറ തൻ ഭാവി ദുഃസ്വപ്നം
പോൽ മുന്നിൽ കാണുന്നു.
വെട്ടി വീഴ്ത്താൻ മരങ്ങൾ ഇല്ല.
ഇടിച്ചു കളയാനോ മലകളും.
പാറി നടക്കാൻ പക്ഷികൾ ഇല്ല.
വീശി അടിക്കാനോ കാറ്റും.
ഒഴുകിവരാൻ അരുവിയില്ല.
നീന്തി കളിക്കാൻ പുഴകളും.
വലിച്ചു കയറ്റാൻ വായുവില്ല,
ഉള്ളതോ കൊടും വിഷം മാത്രം.
കടലിൻ മക്കളായ മത്സ്യങ്ങളോ,
 ചത്തുപൊങ്ങിയില്ലേ കാലം കുറേ മുന്നേ.
 ഉള്ളതോ മുഴുവൻ ഒരു രാക്ഷസനും
 'പ്ലാസ്റ്റിക്'എന്ന് ഓമനപ്പേർ കൊടുത്തു നാം മർത്യർ തന്നെ.
 ഭൂമിയാം അമ്മതൻ വിരിമാറിൽ
 നിറഞ്ഞുനിൽക്കുന്ന ശത്രു അവൻ.
നാളെ ഈ അമ്മതൻ ജീവനോ പോകുന്നു.
ഉള്ളതൊന്നും കട്ടുമുടിച്ചിട്ടും മതിയായില്ലേ ദുരാഗ്രഹി.
ആർത്തി മൂത്ത് പോകുന്നോ നീ മറ്റു ഗ്രഹങ്ങൾ തേടി.



അൽ അഫ്രാദ്
൯ ബി

# ചെറുകഥ

## മൺമറഞ്ഞുപോയ അരുവി

രാഖി മുംബൈയിൽ നിന്നും അവളുടെ അച്ഛനോടും അമ്മയോടൊപ്പം ജന്മനാട്ടിലേക്ക് എത്തുകയാണ്.അവിടെ അവളുടെ മുത്തശ്ശിയും മുത്തശ്ശനും ഉണ്ട്.അവൾക്ക് അവിടെ അവരോടൊപ്പം താമസിക്കാൻ ഇഷ്ടമായിരുന്നു. പ്രകൃതിയെ അവൾ സ്നേഹിച്ചു. അരുവി കുളം എന്ന സ്ഥലം വളരെ സുന്ദരമായ ഒരിടമാണ്. വയലും കുളവും തോടും ആ തോട്ടിലെ മീനുകളും എല്ലാം അവളെ ആകർഷിച്ചു. അവളുടെ കുട്ടിക്കാലം ചിലവഴിച്ചത് ആ സ്ഥലങ്ങളിലായിരുന്നു. അവിടെയുള്ള ഓരോ ശബ്ദവും അവൾ ഇഷ്ടപ്പെട്ടിരുന്നു.കിളികൾ പാടുന്നതും മരങ്ങൾ നൃത്തം ചെയ്യുന്നതും അവൾ ആ യാത്രക്കിടയിൽ ഓർത്തു. അവൾക്ക് അവിടെയുള്ള ഓരോ കിളികളുടെ പാട്ടും പരിചിതമായിരുന്നു അച്ഛൻ ജോലി ആവശ്യത്തിനായി മുംബൈയിൽ പോയപ്പോൾ അവളെയും അമ്മയെയും മുംബൈയിലേക്ക് കൊണ്ടുപോയി. അവൾക്ക് മുംബൈയിൽ പോകാൻ ഒട്ടും താല്പര്യമില്ലായിരുന്നു വളരെ വിഷമത്തിലാണ് അവൾ സ്വന്തം മുത്തശ്ശിയായി മുത്തച്ഛനെയും മറന്നു അച്ഛനോടൊപ്പം പോയത്. കുറെ നാളുകൾക്കു ശേഷം അവൾ വീണ്ടും അവളുടെ നാട്ടിലേക്ക് വരികയാണ്

അവൾ യാത്രക്കിടയിൽ ഇതെല്ലാം ഓർത്തിരുന്നു. എത്രയും വേഗം നാട്ടിലേക്ക് തിരിച്ചെത്തണം.ഇതായിരുന്നു ആഗ്രഹം. കാർ വീട്ടുമുറ്റത്ത് എത്തിയതും വാഹനത്തിൽ നിന്ന് വേഗത്തിൽ ചാടിയിറങ്ങി അവൾ മുത്തശ്ശിയുടെയും മുത്തച്ഛന്റെയും അടുത്തെത്തി. അതിനുശേഷം വേഗത്തിൽ അവളുടെ കൂട്ടുകാരിയെ കാണാൻ അമ്മയെയും കൂട്ടി പോയി.അവളുടെ പ്രിയപ്പെട്ട അരുവിയുടെ കരയിലേക്ക് അവൾ എത്തി. പക്ഷേ കുപ്പികളും പ്ലാസ്റ്റിക്കും എല്ലാം നിറഞ്ഞ കാഴ്ചയാണ് കാണുന്നത്.അരുവി വരണ്ടിരിക്കുന്നു. ഒരു ഉണക്ക മരം അതിൽ വീണ് കിടക്കുന്നത് കണ്ടപ്പോൾ അവൾക്ക് വലിയ വിഷമം തോന്നി. അവൾ വളരെ ആഗ്രഹത്തോടെ വന്ന അവളുടെ സ്വന്തം നാട് ഇങ്ങനെ അവളെ സ്വീകരിച്ചതിൽ അവൾ ഏറെ വിഷമിച്ചു. അരുവിക്ക് എന്തുപറ്റിയെന്ന് അവൾ കൂട്ടുകാരിയോട് ചോദിച്ചു.നാടും നാട്ടുകാരും ആകെ മാറിപ്പോയി.കയ്യിൽ കിട്ടിയ മാലിന്യങ്ങളെല്ലാം അരുവിയിലേക്ക് എറിഞ്ഞു.ഇന്ന് അവളുടെ പ്രിയപ്പെട്ട അരുവി ദുർഗന്ധം വഹിക്കുന്നു. വളരെ മെലിഞ്ഞ ഒരു നീർച്ചാൽ ആയി മാറിയിരിക്കുന്നു



വൈഷ്ണവി 8 ബി

# എഡിറ്റോറിയൽ

**ഹെഡ്മിസ്ട്രസ് ( HM )**
**സുഭാഷ് C (LK മാസ്റ്റർ)**
**അജിത v J (LK മിസ്ട്രസ്)**
**ചീഫ് എഡിറ്റർ**

**മുഹ്സിൻ എബിൻ (LK മെമ്പർ )**
**ബോർഡ് മെമ്പേഴ്സ്**
**നിരഞ്ന P S**
**അൽ അഫ്രാദ്**
**അഭിജിത്ത് അനീഷ്**
**അദ്വൈത് R ഷിബു**



## നന്ദി